# ആലങ്ങാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

(ഐ.എസ്.ഓ 9001:2015 അംഗീകൃതം)

നീറിക്കോട് പി.ഒ., എറണാകുളം - 683511

ഫോൺ : 0484-2512267 Email : alangadgramapanchayat@gmail.com


**എസ് സി4**

**പ്രേഷകൻ** **തീയതി : 09/01/2024**

സെക്രട്ടറി

ആലങ്ങാട് ഗ്രാമപഞ്ചായത്ത്. എറണാകുളം ജില്ല.

**ഗ്രാഹകൻ**

ബഹു ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വയംഭരണ വകുപ്പ്

എറണാകുളം

**സർ,**

വിഷയം : നവകേരള സദസ്സ്- ആലങ്ങാട് ഗ്രാമപഞ്ചായത്ത്- ഇ കെ എം 0770758 നമ്പർ പരാതിയിൻമേൽ മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന : നവകേരള സദസ്സ്- ഇ കെ എം 0770758 - സാവിത്രി ഗോപി, മാളിയേക്കാട്ട് , കരിങ്ങാംതുരുത്ത് എന്നവർ സമർപ്പിച്ച പരാതി

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ 21-ാം വാർഡിൽ കരിങ്ങാംതുരുത്ത് മാളിയേക്കാട്ട് വീട്ടിൽ ശ്രീമതി സാവിത്രിഗോപിയുടെ അപേക്ഷയിൻമേൽ അന്വേഷണം നടത്തിയതിൽ ടിയാളുടെ ഉടമസ്ഥതയിലുള്ളതും ആലങ്ങാട് വില്ലേജിൽ 113/1 26 ൽപ്പെട്ട 11 സെൻറ് ഭൂമിയോട് ചേർന്ന് 21/127-ാം നമ്പർ വീട് ഉൾപ്പെടെ മറ്റ് വാസഗൃഹങ്ങൾ നിലവിലുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു ടി ഭൂമിയുടെ പിൻവശം പെരിയാറിന്റെ കൈവഴിയായിട്ടുള്ള തത്തപ്പിള്ളി പുഴയുടെ കൈവഴിയുണ്ട് എങ്കിലും അപേക്ഷകയ്ക്ക് മുൻപ് തിരുവനന്തപുരം ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 27.05.2017 തിയതിയിലെ 230/എ2/2017/ശാ.സാ.വ നമ്പർ കത്ത് പ്രകാരം ടിസ്ഥലം CRZ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് മറുപടി ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു .അപേക്ഷക ഇപ്പോൾ ഇളയമകന്റെ കൂടെ താമസിച്ചു വരുന്നു . മൂത്തമകനുവേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് അറിയാൻ കഴിഞ്ഞവിവരവും റിപ്പോർട്ട് ചെ.യ്തുകൊള്ളുന്നു .

വിശ്വസ്തതയോടെ,

സെക്രട്ടറി
ആലങ്ങാട് ഗ്രാമപഞ്ചായത്ത്
നീറിക്കോട് പി.ഒ.
ഫോൺ 0484-2512267

ALANGAD GRAMA PANCHAYAT
NEERIKODE P.O